പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1871 04.12.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യ്ക്ക് കേന്ദ്ര സഹായം

ചോദ്യം

ശ്രീ. കെ.എം.ഷാജി

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യെ നഷ്ടത്തിൽ നിന്ന് കരകയറ്റുന്നതിനും പൊതുഗതാഗത സർവ്വീസായി തന്നെ നിലനിർത്തുന്നതിനും കേന്ദ്ര സർക്കാരിൽ നിന്ന് ഏതെങ്കിലും രീതിയിലുള്ള സഹായം ആവശ്യമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഏതെല്ലാം രീതിയിൽ സഹായത്തിന്റെ തോത് എത്രകണ്ട് പ്രതീക്ഷിക്കുന്നു; | (എ) | കേന്ദ്ര സഹായം ആവശ്യമാണെന്ന് കരുതുന്നുണ്ട്. 1950-ലെ ആർ.ടി.സി. ആക്റ്റ് പ്രകാരം സംസ്ഥാന സർക്കാരും, കേന്ദ്ര സർക്കാരും മൂലധന നിക്ഷേപമായി പരസ്പരം അംഗീകരിക്കുന്ന നിശ്ചിത അനുപാതത്തിൽ തുക അനുവദിക്കേണ്ടതുണ്ട്. എന്നാൽ കേന്ദ്ര സർക്കാർ 1992-ന് ശേഷം നാളിതുവരെയും ഈയിനത്തിൽ തുക അനുവദിച്ചിട്ടില്ല. ഈ ഇനത്തിലും കെ.എസ്.ആർ.ടി.സി.യ്ക്ക് എണ്ണ കമ്പനികൾ നൽകുന്ന ഡീസലിന്റെ നികുതി ഭാരം കുറക്കുക വഴിയും കേന്ദ്രസഹായം പ്രതീക്ഷിക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ എത്ര തവണ ഏതെല്ലാം രീതിയിലുള്ള സഹായ അഭ്യർത്ഥനകൾ കേന്ദ്രത്തോട് നടത്തി ; കേന്ദ്രത്തിൽ ഏതൊക്കെ മന്ത്രിമാരുൾപ്പെടെയുള്ളവരെ ഈ ആവശ്യവുമായി എത്രതവണ സമീപിച്ചിരുന്നു; | (ബി) യും (സി) യും (ഡി) യും | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ബഹു. പാർലമെന്റ് അംഗങ്ങളുടെ സമ്മേളനങ്ങളിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് മൂലധന നിക്ഷേപമായും, ഡീസൽ സബ്സിഡി ഇനത്തിലും സഹായം വാങ്ങിത്തരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ കൃഷി കല്യാൺ സെസ്സിനായി എ.സി. ബസുകളിൽ നിന്ന് സേവന നികുതി |

| | | | |
|---|---|---|---|
| (സി) | എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് ഏതെങ്കിലും വിധത്തിലുള്ള സഹായ വാഗ്ദാനം ലഭിച്ചിരുന്നോ; എങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കുമോ; | | ഏർപ്പെടുത്തുന്നതിൽ നിന്നും കെ.എസ്.ആർ.ടി.സി.യെ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിനോട് നേരിട്ടും ബഹു. പാർലമെന്റ് അംഗങ്ങളുടെ സമ്മേളനങ്ങളിലും അഭ്യർത്ഥിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് സഹായ വാഗ്ദാനം ലഭിച്ചിട്ടില്ല. |
| (ഡി) | നാളിതുവരെയായി സഹായ അഭ്യർത്ഥനയുമായി സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനെ സമീപിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണമെന്തെന്ന് അറിയിക്കുമോ? | | കേന്ദ്ര സഹായത്തോടെ തിരുവനന്തപുരം ഈഞ്ചയ്ക്കലിൽ ബസ് പോർട്ട് നിർമ്മിക്കുന്നതിനായും, 63 കോടി രൂപ ചെലവിൽ കെ.എസ്.ആർ.ടി.സി.യിൽ ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റം (ITS) നടപ്പിലാക്കുന്നതിനായും കെ.എസ്.ആർ.ടി.സി സമർപ്പിച്ച നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**